# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 സെപ്റ്റംബർ 23

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ സെപ്റ്റംബർ 27ന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ഫിൽ (2018-19) സൈക്കോളജിക്കൽ ബേസസ് ഓഫ് എജ്യൂക്കേഷൻ എന്ന പരീക്ഷ ഒക്ടോബർ നാലിന് നടത്താൻ പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ./39/1708/2019)

സെപ്റ്റംബർ 25ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം വർഷ എം.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (റഗുലർ/സപ്ലിമെന്ററി - 2016 അഡ്മിഷൻ മുതൽ) പരീക്ഷകൾ ഒക്ടോബർ 11 മുതൽ നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1709/2019)

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.ബി.എ. (2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഒക്ടോബർ 18 മുതൽ ആരംഭിക്കും. പിഴയില്ലാതെ സെപ്റ്റംബർ 28 വരെയും 500 രൂപ പിഴയോടെ 30 വരെയും 1000 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ ഒന്നുവരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ./39/1710/2019)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്‌സി. ബോട്ടണി (സി.എസ്.എസ്. - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1711/2019)

2019 മെയിൽ നടന്ന ഒന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി (എം.എൽ.ടി. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ മൂന്നുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1712/2019)

## ഉത്തരക്കടലാസ് സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. ഒക്ടോബർ 2019 റഗുലർ (2017 അഡ്മിഷൻ) പരീക്ഷയുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ ഒക്ടോബർ 27, 28 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 225-ാം നമ്പർ മുറിയിൽ തിരിച്ചറിയൽ കാർഡ്, ഹാൾടിക്കറ്റ് എന്നിവ സഹിതം എത്തണം.

(പി.ആർ.ഒ./39/1713/2019)

## എൻ.എസ്.എസ്. അമ്പതിന്റെ നിറവിൽ; സംസ്ഥാന-സർവകലാശാലതല ആഘോഷം ഇന്ന് (സെപ്റ്റംബർ 24)

നാഷണൽ സർവീസ് സ്കീമിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ മഹാത്മാഗാന്ധി സർവകലാശാലതല ഉദ്ഘാടനം ഇന്ന് (സെപ്റ്റംബർ 24) രാവിലെ 10ന് പാലാ അൽഫോൺസാ കോളേജിൽ നടക്കും. എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു ഉദ്ഘാടനം നിർവഹിക്കും. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ 'എൻ.എസ്.എസ്@50' എന്ന പേരിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കും. ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടിന് സുവർണജൂബിലിയുടെ സംസ്ഥാനതല ഉദ്ഘാടനം കോട്ടയം സി.എം.എസ്. കോളേജിൽ സംസ്ഥാന എൻ.എസ്.എസ്. ഓഫീസർ പ്രൊഫ. കെ. സാബുക്കുട്ടൻ നിർവഹിക്കും.

(പി.ആർ.ഒ./39/1714/2019)

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സൗജന്യ തീവ്രപരിശീലന പരിപാടി

പി.എസ്.സി.യുടെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പരീക്ഷയ്ക്ക് തയാറെടുക്കുന്ന ഉദ്യോഗാർഥികൾക്കായി സൗജന്യ തീവ്രപരിശീലന പരിപാടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ഉടൻ ആരംഭിക്കും. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ./39/1715/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ